(ബി) 2003-2004-ൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) 9 ജില്ലകളിൽ പച്ചക്കറി കൃഷി നടപ്പാക്കിയതുവഴിയും കൃഷി വകുപ്പ് മറ്റ് അഞ്ച് ജില്ലകളിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിയതുവഴിയും 2 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികം ഉൽപ്പാദിപ്പിക്കുകയുണ്ടായി.

(സി) ചോദ്യം "എ"-യുടെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ള പച്ചക്കറി വികസനത്തിനായുള്ള പദ്ധതികളെല്ലാം തന്നെ ഉത്സവകാലത്തേയും വേനൽക്കാലത്തേയും പച്ചക്കറി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ആവിഷ്ക്കരിച്ചതാണ്.

(ഡി) വി.എഫ്.പി.സി.കെ., ഹോർട്ടി കോർപ്പറേഷൻ, കൃഷി വകുപ്പ് എന്നിവ മുഖേന നടപടി സ്വീകരിക്കുന്നുണ്ട്.

മൾട്ടി നാഷണൽ കോർപ്പറേഷൻ സംസ്ഥാനത്ത് നടത്തുന്ന വാനില കൃഷി

65 [2928] ശ്രീ. ഇ. എം. അഗസ്തി:
,, പി. ടി. തോമസ്:
,, ഡി. സുഗതൻ:
,, കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് വാനില കൃഷി ചെയ്തിട്ടുണ്ട്; ഏതെങ്കിലും മൾട്ടി നാഷണൽ കോർപ്പറേഷൻ സംസ്ഥാനത്ത് വാനില കൃഷി ചെയ്യുന്നുണ്ടോ;

(ബി) വാനില കൃഷിക്കുവേണ്ടി ഏതെങ്കിലും മൾട്ടി നാഷണൽ കോർപ്പറേഷൻ അവരുടെ പേരിലോ, ബിനാമികളുടെ പേരിലോ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഭൂമി വാങ്ങുന്നതായി അറിവുണ്ടോ;

(സി) അന്തക വിത്തുനിർമ്മാതാക്കളായ മോൺസാന്റോ എന്ന കോർപ്പറേറ്റ് സ്ഥാപനം സംസ്ഥാനത്ത് വാനിലയുടെ അന്തക വിത്തോ തൈകളോ പ്രചരിപ്പിക്കുന്നുണ്ടോ?

ഉത്തരം

(എ) സ്പൈസസ് ബോർഡിന്റെ കണക്കുപ്രകാരം 2003-2004 വർഷത്തിൽ 1147 ഹെക്ടറിൽ വാനില കൃഷി ചെയ്യുന്നുണ്ട്. മൾട്ടി നാഷണൽ കോർപ്പറേഷൻ വാനില കൃഷി ചെയ്യുന്നതായി അറിവില്ല.

(ബി) ഇല്ല. ഗവൺമെന്റിനറിവില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly